ഉത്തരം

(എ) ഉണ്ട്.

(ബി, സി) ഗുണനിലവാരമുള്ള പൈപ്പുകൾ മാത്രമേ കേരള വാട്ടർ അതോറിറ്റി വാങ്ങി സ്ഥാപിച്ചിട്ടുള്ളൂ. ജലവിതരണക്കുഴലുകളിൽ ഉണ്ടാകുന്ന ചോർച്ച പരിഹരിക്കുന്ന അവസരങ്ങളിലാണ് ജലവിതരണം തടസ്സപ്പെടുന്നത്. കാലപ്പഴക്കമുള്ള പൈപ്പുകൾ പൊട്ടിയും വൈദ്യുതി തകരാറുമൂലം പമ്പ് സെറ്റുകൾ പ്രവർത്തനരഹിതമാകുമ്പോഴും ജലവിതരണം തടസ്സപ്പെടാറുണ്ട്. കൂടാതെ ചില വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾക്കായി വാട്ടർ അതോറിറ്റിക്ക് യാതൊരു മുന്നറിയിപ്പും നൽകാതെ റോഡുകൾ കുഴിക്കുമ്പോഴും ജലവിതരണം തടസ്സപ്പെടാറുണ്ട്. ഇക്കാരണങ്ങളാൽ ഒരന്വേഷണം ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മാവട്ടം കുടിവെള്ള പദ്ധതി

79 [2689] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂലായ് 7-ന് ഉണ്ടായ ഉരുൾപൊട്ടലിൽ ചക്കിട്ടപാറ പഞ്ചായത്തിലെ മാവട്ടം കുടിവെള്ള പദ്ധതി തകർന്നുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏകദേശം എത്ര രൂപയുടെ നഷ്ടം ഇതുമൂലമുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പദ്ധതി പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏകദേശം 18.75 ലക്ഷം രൂപയുടെ നഷ്ടം മാവട്ടം സ്കീമിന് വന്നിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഉരുൾപൊട്ടൽ മൂലം തകർന്ന മാവട്ടം പദ്ധതിയുടെ ഭാഗമായ ശുദ്ധീകരണ യൂണിറ്റ് അറ്റകുറ്റ പണികൾ നടത്തി ഫ്ളക്സിബിൾ പൈപ്പുകൾ വഴി ഭാഗികമായ രീതിയിൽ താൽക്കാലികമായി ജലവിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly